
കനവ്
2020
ഡിജിറ്റൽ മാഗസിൻ
ലിറ്റിൽ കൈറ്റ്സ്
ജി.വി.എച്ച്.എസ്.എസ്.മമ്പാട്

# എഡിറ്റോറിയൽ

ജി.വി.എച്ച്.എസ്.എസ്.മമ്പാട് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബിന്റെ നേതൃത്വത്തിൽ ഭാഷാപ്രവർത്തനത്തിന്റെ ഭാഗമായി തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് "കനവ്2020". കൈയെഴുത്തുമാസികകളിൽനിന്ന് വ്യത്യസ്തമായി, ആധുനികസാങ്കേതികവിദ്യകളുപയോഗിച്ച് വിദ്യാർഥികൾ തന്നെ മാഗസിൻ തയ്യാറാക്കിയെന്നതാണ് ഇതിന്റെ പ്രത്യേകത. സ്വതന്ത്ര സോഫ്റ്റ്‌വേർ ആയ ലിബർ ഓഫീസ് വേഡ് പ്രോസസർ ഉപയോഗിച്ചായിരുന്നു ഇത്. വിദ്യാർഥികൾ, അധ്യാപകർ എന്നിവരിൽനിന്നു സൃഷ്ടികൾ ശേഖരിച്ചാണ് മാഗസിൻ തയ്യാറാക്കിയത്.സഹകാരികൾക്ക് നന്ദി.

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : ലിസമ്മ ഐസക്ക്. (പ്രധാന അദ്ധ്യാപിക)

എഡിറ്റർ/സ്റ്റാഫ് : ഡോ.ശിവൻകുട്ടി.ടി

## സ്റ്റുഡൻസ് എഡിറ്റേഴ്സ്

അമൽ.എം.

ജിഹാന ഷെറിൻ

ആര്യ

ഷനീബ

അഫ്ലാൻ

# മുഖവുര

ചരിത്രമുറങ്ങുന്ന മമ്പാടിന്റെ മണ്ണിൽ ഞങ്ങളുടെ സ്വപ്നങ്ങൾക്ക് ചിറകുമുളപ്പിച്ച ഗവൺമെന്റ് ഹൈസ്കൂൾ.പഠിച്ചും കളിച്ചും സമകാലിക പ്രശ്നങ്ങൾ ചർച്ചചെയ്തും മുന്നേറുന്ന ഒരു നവ തലമുറ ഇവിടെ വാർത്തെടുക്കപ്പെടുന്നു.

ധൈഷണികവും മാനസികവും സാംസ്കാരികവുമായ കർമ്മരംഗങ്ങളിൽ നവ ചൈതന്യം പ്ര സരിപ്പിക്കാൻ ഐ.ടി മേഖല സഹായകമാകുന്നു.നമ്മുടെ സാമൂഹിക ജീവിതത്തെ കാര്യവും ദാരുണവുമായ രീതിയിൽ വിഭക്തവും ശൂന്യവുമാക്കിത്തീർക്കുന്ന തരത്തിൽ ഉള്ള സംഭവവികാസങ്ങളാണ് പ്രകൃതിയിൽ നിന്നും മനുഷ്യരിൽ നിന്നും ലോകത്തുണ്ടാകുന്നത്.ഒരു ശക്തിക്കും തകർക്കാൻ കഴിയാത്ത പവിത്രമായ സങ്കല്പവും പ്രാർത്ഥനയും പ്രവൃത്തികളും ഉടലെടുക്കുക വഴി ഭൂമി സ്നേഹാർദ്രമായിരിക്കട്ടെ.

ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി ഈ സൃഷ്ടികൾ പ്രകാശിപ്പിക്കുമ്പോൾ ണ

ഞങ്ങളെ അടയാളപ്പെടുത്തുകയാണ്.കരിന്തിരി കത്താതെ കത്തിജ്ജ്വലിക്കാൻ.........പ്രതീക്ഷയോടെ.......

ചീഫ് എഡിറ്റർ.

# ഉള്ളടക്കം


യാത്ര – ടി.ശിവൻകുട്ടി

അഗ്നിക്കിനാവുകൾ–ഷൈബ.പി.വി

കവി – ഷൈബ.പി.വി

കളിയും കാര്യവും –ട്രീസ ബാബു

We.......... Mere Mortals –Shajitha.K.T

മണ്ണൊരുക്കാം കൂട്ടരേ –മാജിദ .10A

നീലക്കടൽ– ദാനിഷ്

ഒരു പ്രാർത്ഥന–അഭിനവ്.ആർ.പി 9B

എൻ നാടിന്റെ പ്രതിഭാസങ്ങൾ–ശ്രുതി.കെ

കാത്തിരിപ്പ്–ദേവർണ്ണ രാജ്ജ എം.ആർ.9A

പിറവി–അമൽ.എം.9A

അനഘം ശ്രുതി.8 C–പ്രളയം

നിത്യ.ടി–ചങ്ങല

നശിച്ച പോകുന്ന പ്രകൃതി –പ്രിയ.എൻ.9A

മരണം– സൂര്യ .എ

പ്രണയം –ദീപിക.എം8A–

ഞാനേ വീഥിയിൽ–ജിഹാന ഷെറിൻ 9.A

# യാത്ര

ടി.ശിവൻകുട്ടി

മരണമങ്ങനെ വന്നു
നിന്നെന്റെ
ചുമലിൽ തട്ടി
രഹസ്യം ചൊല്ലുന്നു:
നിനക്കു ഞാനെന്റെ
കൈവിരൽ നീട്ടാം
അതിൽ പിടിച്ചു നീ
ഒപ്പം നടക്കുക.
മധുരമെന്നു നീ
ചിന്തിക്കുമോർമ-
യൊക്കെ കയ്പിൻ
കണ്ണീർ കലർന്നതാം.
നീ വരിക ഞാൻ
ദിവ്യവെളിച്ചത്തിൻ
മഹത്വമൊക്കെയും
കാണിച്ചു തന്നിടാം !
മരണമെന്തറിയുന്നു ?
പോകുവാൻ
ആകുമോ ?
എനിക്കെൻ
പ്രാണന്റെ പാതി
അപ്പുറത്തു
പിന്തിരിഞ്ഞിരിക്കുമ്പോൾ
പകുതിയായ് ഞാൻ
പോകുന്നതെങ്ങനെ ! ?

# കവി

ഷൈബ.പി.വി

പണ്ഡിതർക്കു മുന്നിൽ
കവിത ഇരയായ് കിടന്നു.
കുടൽമാല വലിച്ച് പുറത്തേക്കിട്ട്
കൊക്കു കൊണ്ട് കൊത്തിക്കീറി
നഖം കൊണ്ട് വലിച്ചു മാന്തി
അവർ തൃപ്തിയടഞ്ഞു.
വാതിലിനുപുറത്ത് ഒരാൾ
പൈദാഹങ്ങളില്ലാതെ
കാത്തിരിപ്പുണ്ടായിരുന്നു.
ജീവിതവും ഹൃദയവും കൊണ്ട്
കവിത തൊട്ടറിഞ്ഞ പ്രതിഭ.

# അഗ്നിക്കിനാവുകൾ

ഷൈബ.പി.വി

ചുട്ടകോഴിയെ
പറപ്പിക്കുന്ന
മന്ത്രവാദികളുടെ
നാടല്ലേയിത്
പല ദൈവങ്ങൾ
വാഴുന്ന
മണ്ണല്ലെയിത്
രാജസഭയിൽവച്ച്
ഉടുതുണിയുരിയപ്പെ-
ട്ടവളുടെ രക്ഷകൻ
പിറന്നതിവിടെയല്ലേ
ഇപ്പോഴുമുണ്ട്
അകത്തും പുറത്തും
തെരുവിലും
കോവിലിലും ........
ഉടുതുണി
നഷ്ടപ്പെട്ടവർ..........
അലറിവിളിക്കിടെ
ശ്വാസം നിലച്ചവർ ......
ആണുന്മാദത്തിന്റെ
കത്തിമുനയിൽ
നിലച്ച ജീവനുകൾ...
രക്ഷകരാൽ
ശിക്ഷിക്കപ്പെട്ടവർ....
ചില കിളികളെ
ചുട്ടെടുക്കുന്ന
തിരക്കിലാണിപ്പോൾ
പറന്നുയരാതിരിക്കാൻ
ചിറകുകളരിയും
പിന്നെ കൊത്തിക്കീറാതിരിക്കാൻ
കൊക്കുകൾ തച്ചുടക്കും
എന്നാലും
പേടിയാണ്...

ചിലർ
ഫീനിക്സാകും.
അല്ലെങ്കിലും
ഈ പെണ്ണുടൽ
ശക്തിതന്നെയല്ലേ
അഗ്നിയായി
ആളിപ്പടരാൻ
കെല്പുള്ളത് ?
അതുകൊണ്ടല്ലേ
ഈ
ചുട്ടെടുക്കലുകൾ ?
അഗ്നിയെ
അഗ്നികൊണ്ട്
തടുക്കൽ !!?
ഏത് മന്ത്രമുണ്ട്
ചുട്ടെടുത്ത ഈ
കിളികളെ
പറത്താൻ ?

# കളിയും കാര്യവും

ട്രീസ ബാബു

പഠിക്കുമ്പോൾ പഠിക്കേണം
കളിക്കുമ്പോൾ കളിക്കണം
കാര്യത്തിൽക്കളി പാടില്ലാ,
കളിയെക്കാര്യമാക്കൊലാ.

ചെയ്യുന്നതെല്ലാം നല്ലോണം
ചെയ്യണം കഴിയുന്ന പോൽ
പപ്പാതി ചെയ്തിടും കാര്യം
നൽപായിട്ടുവരാത്തതാം

ഒരിക്കലൊന്നേ ചെയ്യാവൂ...
ശരിയായതു ചെയ്യണം.,
വരികില്ലിതിനേക്കാളും
വരമായൊരു നിശ്ചയം

# We.......... Mere Mortals

Shajitha.K.T

We had a great ancestral past
everyone went hand in hand
No cast no creed no colour
parted us......
To fly in wings of freedom
Together we chased the external power
But now .....things fall apart
Just for the sake or power
we fight for eachother
But , oh....mortal
Think.....
we are mere mortals
Canot dream the cradle of immortal power.
so....let us rethink, act and go hand in hand
And urge to stop fighting
But for the inevitable
make our voice louder forever and ever
And dream a bright future
Along with blessings of the IMMORTAL..
Forever and ever.....

മിനികഥ

# ഞാൻ

മാജിദ .10A

ഒരിക്കൽ ഒരു ശിഷ്യൻ തന്റെ ഗുരുവിനോട് ചോദിച്ചു" ഗുരോ എന്താണ് ഞാൻ." ഗുരു ഒരുപുഞ്ചിരിയോടെ പറഞ്ഞു
“സത്യത്തെയും സഹോദര്യത്തേയും സമാധാനത്തേയും എല്ലാം വെട്ടിപ്പിടിക്കാനുള്ള നിന്റെ അമിതമായ ആഗ്രഹത്തിന് നീയിട്ടപേരാണ് 'ഞാൻ' ".

# മണ്ണൊരുക്കാം കൂട്ടരേ

ദാനിഷ് 8 B

മണ്ണൊരുക്കാം കൂട്ടരേ
മണ്ണറിഞ്ഞ് പണിയെടുത്ത്
മുന്നേറാം കൂട്ടരേ....

വിതച്ചു നേടിയ നാടിത്
കൊയ്തു നേടിയ നാടിത്

മണ്ണറിഞ്ഞ് പണിയെടുത്ത്
മുന്നേറാം കൂട്ടരേ....

നീർനിറഞ്ഞ തടത്തിനായ്
ഒത്തു ചേരാം കൂട്ടരെ....

മണ്ണറിഞ്ഞ് പണിയെടുത്ത്
മുന്നേറാം കൂട്ടരേ....

മണ്ണറിഞ്ഞ് പണിയെടുത്ത്
മുന്നേറാം കൂട്ടരേ

# നീലക്കടൽ

അഭിനവ്.ആർ.പി 9B

എത്തറ വലിയൊരു നിലക്കടലിതി-
ലെത്തറയനവധി ജന്തുക്കൾ!
ആമകളുണ്ട്,മീനകളുണ്ട്,
പാമ്പും ചിപ്പിയുമുണ്ടേറെ
പവിഴപ്പുറ്റും കടൽക്കുതിരകളും
ഡോൾഫിൻ, ചെറിയ തിമിംഗലവും
എത്തറ വലുതീ നീലക്കടലിതി-
ലെത്തറ മാതിരി ജന്തുക്കൾ!

# ഒരു പ്രാർത്ഥന

ശിഖ.പി.എസ്.9A

ഉമ്മകൾ തന്നിടുമമ്മേ
തിന്മകളകലത്തണച്ച് മുന്നംമേ-
നന്മകളേകുക:നമ്മേ
മേന്മയിലാക്കണമേ ചെമ്മേ.
നല്ലതുവരുവാൻ തായേ
അല്ലലകറ്റീട്ടനുഗ്രഹം തായേ
കില്ലുകളില്ലാ തായേ
ഉലകുഭരിക്കും മാതേ!
ഫലമതിലെന്റെ മനസ്സുരുമ്മാതെ
വിലസണമെന്നും മീതെ
നലമേറീടും മുറയ്ക്ക് ചുമ്മാതെ.

# എൻ നാടിന്റെ പ്രതിഭാസങ്ങൾ

ശ്രുതി.കെ.

9A

നക്ഷത്രം മങ്ങി മറഞ്ഞു – പൂർണ –
ചന്ദ്രൻ പടിഞ്ഞാറണഞ്ഞു
മാനം തെളിഞ്ഞു ചമഞ്ഞു – തിര –
മാല കുറച്ചു കുറഞ്ഞു.

അപ്പോൾ കിഴക്കു ചുമന്നു. പല –
പക്ഷികൾ പാടിപ്പറന്നു.
പൂക്കൾ വിരിഞ്ഞു മലർന്നു–മണം
കാറ്റുകൊണ്ടെങ്ങും പരന്നു.
ആദിത്യദേവനുയർന്നു .നീണ്ട
ചെങ്കതിരെല്ലാം നിരന്നു.

# കാത്തിരിപ്പ്

ദേവർണ്ണ രാജു എം.ആർ.9A

കാത്തിരിപ്പിന്റെ വേനലിൽ അവൾ
പേമാരിയായൊന്നു പെയ്തുവെങ്കിൽ....
പാടാൻ മറന്ന പട്ടിന്റെ താളമായ്
ശ്രുതിയായ് പെയ്തുവെങ്കിൽ....
കവിതേ നിന്റെ നാദമായിരുന്നൊരാൾ
എന്റെ വരിയിലെ ജീവൻ തുടിപ്പായിരുന്നു
ചിലങ്കേ നിന്റെ മുത്തുകൾ പെയ്ത വഴി
പൂത്ത വാക്കായിരുന്നെൻ മനം
നേർത്ത തുമ്പാൽ നീ വരച്ചിട്ട
കൺമഷി കോണിലായിരുന്നെന്റെ ലോകം

# പിറവി

അമൽ.എം.9A

വേരുറച്ചുപോയ മൗനത്തിൽ
നിന്ന് പൂക്കൾ ഉണ്ടാകുന്നു
ആഴത്തിൽ വിതച്ച സ്വപ്നത്തിൽ
നിന്ന് ശലഭങ്ങളും,
കൺപീലിയിൽ മയങ്ങുന്ന തേങ്ങലിന്റെ
ഉറവപൊട്ടുമ്പോൾ സമുദ്രം ജനിക്കുന്നു.
വിണ്ടുകീറിയ മനസ്സിന്റെ ചാലിൽ
കവിതയൊഴുകുമ്പോൾ വേലിയേറ്റവും
എനിക്കും നിനക്കുമിടയിലെ ഉഷ്ണ
ജലപ്രഹം വറ്റുമ്പോൾ ശാന്തിയും.

# പ്രളയം

അനഘം ശ്രുതി.8 C

പ്രളയം വന്നു പൊലിഞ്ഞു ജീവൻ
ദുരിതം വന്നു നിറഞ്ഞു വീട്ടിൽ
പുഴകൾ നിറഞ്ഞു പരന്നു നാട്ടിൽ
ദുരിതക്കടലായ് കേരളമാകെ
അസുരക്കയറിൻ പിടിയിൽ പെട്ട
ദേവന്മാരെപ്പോലെ മനുഷ്യർ
ആധിയാൽ നെട്ടോട്ടമോടിടുമ്പോൾ
ജാതി ഭേദമന്യേഒരു കുടക്കീയിൽ!
തിരിഞ്ഞുനോക്കുമ്പോഴതാ തൻ
കൂടപ്പിറപ്പുകൾ  മണ്ണിനടിയിൽ!
ബ്രഹ്മാസ്ത്രം പോൽ ഉരുളൻ കല്ലുകൾ
നാടിനെ കുത്തി പിളർക്കുന്നു.
ദൈവത്തിൻ സ്വന്തം നാടായ കേരളം
നിശ്ചലമായിക്കിടക്കുന്നു.
റോഡും പാലവും എല്ലാം ഒഴുകി
പോയതു കണ്ടു നടുങ്ങിപ്പോയ്.

# ചങ്ങല

നിത്യ.ടി

ഭ്രാന്തന്റെ കാലിൽ

കിടന്ന് കിടന്ന്
ഒരിക്കൽ ചങ്ങലയ്ക്കും
ഭ്രാന്ത് പിടിച്ചു....
ഭ്രാന്തന്റെ ഭ്രാന്തിനേക്കാൾ
മുഴുത്ത ഭ്രാന്ത്.
തന്റെ ഭ്രാന്തിനെ തളയ്ക്കാൻ സ്വയം
ഒരു ചങ്ങലയായി
ഭ്രാന്തന്റെ കാലിൽ
നിന്നും മിണ്ടാതിറങ്ങിപ്പോന്നു.
ചങ്ങല...
സ്വന്തം ഭ്രാന്തിന്
സ്വന്തമായി ഒരു കെട്ടിട്ട്
ഭ്രാന്തനെ സ്വതന്ത്രനാക്കി
ചങ്ങല.

# നശിച്ചു പോകുന്ന പ്രകൃതി

പ്രിയ.എൻ.9A

പ്രകൃതി നമ്മുടെ അമ്മയാണ്. കാരണം പ്രകൃതിയിലെ സുഖവും സൗകര്യങ്ങളും ഭൂമിയിൽ ജനിച്ച മനുഷ്യർക്കും ജീവജാലങ്ങൾക്കും ദൈവം കനിഞ്ഞു തന്ന ഒരു വരദാനമാണ്. എന്നാൽ ഇന്നത്തെ തലമുറ നമ്മുടെ പ്രകൃതിയെ ചൂഷണം ചെയ്ത് കൊണ്ടിരിക്കുകയാണ്. എന്തെന്നാൽ ഇന്നത്തെ കാലഘട്ടത്തിൽ മനുഷ്യർ പ്രകൃതി ഭംഗി ആസ്വദിക്കുകയല്ല ചെയ്യുന്നത്. എന്നാൽ
ആസമയം മനുഷ്യർ പ്രകൃതിയെ എങ്ങനെ നശിപ്പിക്കുമെന്നാണ് ചിന്തിക്കുന്നത്
മനുഷ്യൻ മരങ്ങളെ മുറിക്കുമ്പോൾ അങ്ങനെ ചെയ്യരുതെന്ന് പറയാൻ ഇന്ന് ഒരാൾക്കും ധൈര്യമില്ല . എന്നാൽ മനുഷ്യരാണ് ഭൂമിയിൽ എല്ലാത്തിനെക്കാളും വലുതെന്ന് വിചാരിച്ച് അവർ ഭൂമിയെ കൈപ്പിടിക്കുള്ളിൽ ഒതുക്കുകയാണ് ചെയ്യുന്നത്.

മരങ്ങളും പാടങ്ങളും കുളങ്ങളുമൊക്കെനികത്തി അവിടെ ഫക്ടറികളും വലിയ വലിയ കെട്ടിടങ്ങളും പണിത് അതിലെ മാലിന്യങ്ങൾ അടുത്തുള്ള പുഴയിലും റോഡിലും നിക്ഷേപിക്കുകയാണ് മനുഷ്യരിന്ന്.എന്നാൽ ഇത് അപകടകരമാണ്. നാം പ്രകൃതിയെ അറിഞ്ഞു പ്രവർത്തിക്കണം.വരും തലമുറക്കായി ഇതിനെ കൈമാറണം.

# മരണം

സൂര്യ .എ

അനുവദിച്ചില്ലെങ്കിലും അവധി
തീർന്നതിനാൽ പോകേണ്ടി വന്നു
കൂന്നുക്കൂട്ടി വെച്ചിരുന്ന പലതും....
കല്ലുവെക്കും മുന്നേ അവയ്ക്കുവേണ്ടി
കലഹവും തുടങ്ങി
കൂട്ടിനായ് കൂട്ടിവെച്ചതിൽ കൊണ്ടു
പോവാനൊത്തത് മൂന്ന് തുണ്ടുതുണികൾ മാത്രം
ആരോടും മോഴിയാതെയാണെന്റെ
യാത്രയെങ്കിലും യാത്രയയപ്പ്
അതിഗംഭീരം!

# പ്രണയം

ദീപിക.എം.8 .A

എൻ ജിവിതത്തിൽ  നീ ആകുന്നു എന്നും
ഒരു വാടാത്ത നിർമലമാം സൗഗന്ധികം
നിൻ ഇരുളിൽ തേടുന്നു എൻ അഭയം
നിന്നിലേക്കടുന്നു ഓരോരോ നിമിഷവും
എൻ മനസെന്ന വൃന്ദാവനം പൂത്തുലഞ്ഞീടുന്നു.
എൻ ആഗ്രഹം പോൽ നീ ആയിടുമോ....
എൻ മനസെന്ന പൂന്തോപ്പിൽ പൂത്തിടുമോ
കളകളമൊഴുകുന്ന നിൻ പുഞ്ചിരി നിശ്ചലമാകുന്ന
നിൻ ഇതളുകൾ കൊഴിയുന്ന ഓരോ നിമിഷവും
ഞാൻ നിന്നിലേക്കിതാ ലയിച്ചീടുന്നു.
പ്രണയിനീ നിന്നോട് ചോദിച്ചോട്ടെ
ഒരിക്കൽ ഞാനും നിനക്കന്യമയായീടുമോ?

# ഞാനേ വീഥിയിൽ

ജിഹാന ഷെറിൻ 9.A

ഞാനെന്ന  വീഥിയിൽ നിൻ
കാൽപ്പാട്ടുകൾ മാത്രം
എന്നേ പത്തിഞ്ഞനിൽ കാൽപ്പാട്ടുൾ മാത്രം
അടർന്ന നിൻ കൈത്തുമ്പിലായിരുന്നു എൻ മുഖം
വിരിയാതെ  എന്നോ പൊഴിഞ്ഞൊരു സ്വപ്നം
ഒരി കോണിലെന്നോ തളിർത്തൊരു പ്രണയം
ഇടിക്കുമീ നെഞ്ചകം മൊഴിയുന്നു മെല്ലെ
പെയ്തിറങ്ങിയ മഴതൻ ഓർമ്മകൾ
തുള്ളിയായ് എന്നിലലിയിമോ
നേരം അറിയുന്നു ഞാനാ സാന്ത്വനം
അശ്രുകണങ്ങൾ പെയ്തിറങ്ങുമ്പോൾ,
കവിൾതൊടാത്തെ തഴുകി നീങ്ങുമ്പോൾ
നീയെന്നെ ഓർമ്മയിൽ ഈ ചൂടുനീരായി
വെന്തുരുകുന്നു ഞാനെന്ന പ്രണയം........